കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

106.

# ഹിന്ദു വിദ്യാപ്രാപ്തലാഭ ആക്റ്റ്, 1930

**(1930-ലെ XXX-ാം നമ്പർ ആക്റ്റ്)**

**(1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)**

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

Rs 0-25

കേന്ദ്രഗവൺമെൻറ്

നിയമ മന്ത്രാലയം

सत्यमेव जयते

# ഹിന്ദു വിദ്യാപ്രാപ്തലാഭ ആക്റ്റ്, 1930

## (1930-ലെ XXX-ാം നമ്പർ ആക്റ്റ്)

## (1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

Rs 0-25

# ഹിന്ദു വിദ്യാപ്രാപ്തലാഭ ആക്റ്റ്, 1930

(1930-ലെ XXX-ാം നമ്പർ ആക്റ്റ്)

## ഒരു ഹിന്ദു അവിഭക്ത കുടുംബത്തിലെ ഒരംഗത്തിന്, വിദ്യവഴി താൻ ആർജ്ജിച്ച വസ്തുവിലുള്ള അവകാശങ്ങൾ സംബന്ധിച്ചു സംശയം നീക്കുന്നതിനുള്ള ആക്റ്റ്

[1930 ജൂലൈ, 25]

ഒരു ഹിന്ദു അവിഭക്തകുടുംബത്തിലെ ഒരു അംഗത്തിന്, വിദ്യവഴി താൻ ആർജ്ജിച്ച വസ്തുവിലുള്ള അവകാശങ്ങൾ സംബന്ധിച്ച് സംശയം നീക്കുകയും, ഏകരൂപമായ ചട്ടത്തിന് വ്യവസ്ഥ ചെയ്യുകയും ചെയ്യുന്നത് സമീചീനമായിരിക്കുകയാൽ, താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന് ഹിന്ദു വിദ്യാപ്രാപ്തലാഭ ആക്റ്റ്, 1930 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു—കാശ്മീർ സ്റ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, വിഷയത്തിലോ, സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(ക) "അർജ്ജക"ന് ഹിന്ദു അവിഭക്ത കുടുംബത്തിലെ വിദ്യാപ്രാപ്തലാഭം ആർജ്ജിക്കുന്ന അംഗം എന്നർത്ഥമാകുന്നു ;

(ഖ) "വിദ്യാപ്രാപ്തലാഭ"ത്തിന് വസ്തുവിന്റെ സാരാംശത്തിൽ വിദ്യ വഴി ഉണ്ടാക്കിയിട്ടുള്ള ആർജ്ജനങ്ങൾ, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപോ പിൻപോ ഉണ്ടാക്കിയതായാലും, അങ്ങനെയുള്ള വിദ്യയുടെ സാധാരണമോ അസാധാരണമോ ആയ ഫലമായിരുന്നാലും, അങ്ങനെയുള്ള എല്ലാ ആർജ്ജനങ്ങളും എന്ന് അർത്ഥമാകുന്നു.

(ഗ) "വിദ്യ"യ്ക്ക്, പ്രാരംഭിക വിദ്യാഭ്യാസമോ സാങ്കേതികമോ ശാസ്ത്രീയമോ വിശേഷാൽ ഉള്ളതോ സാമാന്യമോ ആയ വിദ്യാഭ്യാസമോ ആയാലും, അങ്ങനെയുള്ള വിദ്യാഭ്യാസവും, ഒരാൾക്ക് ജീവിതത്തിൽ ഏതെങ്കിലും വ്യാപാരമോ വ്യവസായമോ വൃത്തിയോ പണിയോ തുടരുന്നതിന് കഴിവുണ്ടാക്കാൻ സാധാരണമായി ഉദ്ദേശിച്ചുകൊണ്ടുള്ള ഏത് തരം പരിശീലനവും, എന്നർത്ഥമാകുന്നു.

3. വിദ്യാപ്രാപ്തലാഭം ചില കാരണങ്ങൾകൊണ്ടുമാത്രം അർജ്ജകന്റെ പ്രത്യേക വസ്തുവല്ലെന്ന് വിധിക്കാവുന്നതല്ലെന്ന്.—ഹിന്ദു നിയമത്തിന്റെ എന്ത് ആചാരമോ, ചട്ടമോ, വ്യാഖ്യാനമോ ഉണ്ടായിരുന്നാലും, യാതൊരു വിദ്യാപ്രാപ്തലാഭവും അർജ്ജകന്റെ അനന്യവും, പ്രത്യേകവുമായ വസ്തുവല്ലെന്ന്.—

(ക) അയാളുടെ വിദ്യ, പൂർണ്ണമായോ ഭാഗികമായോ അയാളുടെ കുടുംബത്തിൽ ജീവിച്ചിരിപ്പുള്ളതോ മരിച്ചതോ ആയ ഏതെങ്കിലും അംഗത്താലോ, അയാളുടെ കുടുംബത്തിലെ കൂട്ടായ പണത്തിന്റെ സഹായത്തോടുകൂടിയോ, അതിലെ ഏതെങ്കിലും അംഗത്തിന്റെ പണത്തിന്റെ സഹായത്തോടുകൂടിയോ നല്കപ്പെട്ടതാണെന്നോ, അല്ലെങ്കിൽ

(ഖ) അയാാം, തന്റെ വിദ്യ ആർജ്ജിക്കുമ്പോാം അയാളോ അയാളുടെ കുടുംബമോ പൂർണ്ണ ായോ ഭാഗികമായോ, അയാളുടെ കുടുംബത്തിന്റെ കൂട്ടായ പണത്താലോ, അതിലെ ഏതെങ്കിലും അംഗത്തിന്റെ പണത്താലോ സംരക്ഷിക്കപ്പെടുകയോ പാലിക്കപ്പെടുകയോ ചെയ്തിരുന്നുവെന്നോ ഉള്ള കാരണത്താൽ മാത്രം,

വിധിക്കാൻ പാടുള്ളതല്ല.

4. ഒഴിവാക്കലുകാം.—ഈ ആക്ററ്,—

(ക) ഈ ആക്ററിന്റെ പ്രാരംഭത്തിനു മുൻപ് ഉണ്ടാക്കിയതോ ചെയ്തതോ ആയ ഏതെങ്കിലും വസ്തുകൈമാററത്തിന്റെ നിബന്ധനകളേയോ ആനുഷംഗികസംഗതികളേയോ,

(ഖ) ഈ ആക്ററിന്റെ പ്രാരംഭത്തിനു മുൻപ് അനുഭവിക്കപ്പെടുകയോ ചെയ്യപ്പെടുകയോ ചെയ്തുകഴിഞ്ഞ ഏതിന്റേയെങ്കിലും സാധുതയേയോ അസാധുതയേയോ പ്രഭാവത്തേയോ അനന്തരഫലങ്ങളേയോ,

(ഗ) ഈ ആക്ററിന്റെ പ്രാരംഭത്തിനു മുമ്പുണ്ടായ കൂട്ടുകുടുംബത്തിന്റെ ഭാഗത്തിനോ ഭാഗക്കരാറിനോ കീഴിൽ സൃഷ്ടിക്കപ്പെട്ട ഏതെങ്കിലും അവകാശത്തേയോ ബാദ്ധ്യതയേയോ, അല്ലെങ്കിൽ

(ഘ) അങ്ങനെയുള്ള അവകാശമോ ബാദ്ധ്യതയോ സംബന്ധിച്ച് ഏതെങ്കിലും നിവൃത്തിയേയോ നടപടിയേയോ,

ബാധിക്കുന്നതായോ ഈ ആക്ററിന്റെ പ്രാരംഭത്തിൽ ഒരു കോടതിയിൽ നിലവിലുള്ള ഏതെങ്കിലും നടപടിയിൽ ആ പ്രാരംഭത്തിനുമുമ്പ് ചെയ്യപ്പെട്ട ഏതിനേയെങ്കിലും അസാധുവാക്കുകയോ ഏതെങ്കിലും തരത്തിൽ ബാധിക്കുകയോ ചെയ്യുന്നതായോ കരുതപ്പെടുന്നതല്ല. ഇതിൽ പരാമർശിച്ചതുപോലെയുള്ള ഏതെങ്കിലും നിവൃത്തിയോ നടപടിയോ, ഈ ആക്ററ് പാസ്സാക്കിയിട്ടില്ലാതിരുന്നാൽ എന്നപോലെ പ്രാവർത്തികമാക്കുകയോ ബാധിക്കുകയോ തുടരുകയോ ചെയ്യാവുന്നതും ആണ്.